# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ:2444 — 18.02.16 -ൽ മറുപടിക്ക്

### കടൽഭിത്തി നിർമ്മാണം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.എ.മാധവൻ | ശ്രീ. പി.ജെ.ജോസഫ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) മണലൂർ നിയോജകമണ്ഡലത്തിലെ വാടാനപ്പള്ളി പ്രദേശത്ത് കടലാക്രമണം തടയുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നതെന്ന് വിശദമാക്കാമോ; | (എ) വാടാനപ്പള്ളി പ്രദേശത്ത് കടലാക്രമണം തടയുന്നതിന് വാടാനപ്പിള്ളി പഞ്ചായത്തിൽ സി.പി.3770 ന് വടക്ക് 30 മീറ്റർ നീളത്തിൽ കേടുവന്ന കടൽഭിത്തി പുനരുദ്ധരിക്കുന്നതിനായി 13 ലക്ഷം രൂപയുടെ ഒരു പ്രവൃത്തി നടന്നു കൊണ്ടിരിക്കുന്നു. <br> വാടാനപ്പിള്ളി പ്രദേശത്ത് കടലാക്രമണം തടയുന്നതിനായി 840 മീറ്ററോളം കടൽ ഭിത്തിയുടെ പുനരുദ്ധരണ പ്രവൃത്തികൾക്കായി 399 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും 278 മീറ്റർ കടൽ ഭിത്തിയുടെ പുനരുദ്ധാരണ പ്രവൃത്തിയ്ക്കായി 130 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും തയ്യാറാക്കിയിട്ടുണ്ട്. |
| (ബി) 2010 മുതൽ ഇവിടെ കടൽഭിത്തി നിർമ്മാണത്തിന് എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ബി) 2010 മുതൽ കടൽ പുനരുദ്ധരണത്തിന് 1,33,22,533 രൂപ ചെലവാക്കിയിട്ടുണ്ട്. |
| (സി) പ്രസ്തുത പ്രദേശത്ത് പുലിമുട്ട് നിർമ്മാണത്തിന് എന്തെല്ലാം നടപടിക്രമങ്ങൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (സി) പുലിമുട്ട് ഉൾപ്പെടെയുള്ള കടലേറ്റ സംരക്ഷണ സംവിധാനങ്ങളുടെ നിർമ്മാണത്തിനായുള്ള സാധ്യത പഠനം കോസ്റ്റൽ എഞ്ചിനീയറിംഗ് ഫീൽഡ് സ്റ്റഡീസ് - ന്റെ ആഭിമുഖ്യത്തിൽ സെന്ററൽ വാട്ടർ പവർ റിസേർച്ച് സ്റ്റേഷൻ പൂനെ പൂർത്തീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

JSK/